ഖുത്ബ നമ്പർ
45
08-11-2013

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, തമ്മനം**



# യഥാർഥ ദൈവദാസരായിത്തീരുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഏകദേശം 7 വർഷങ്ങൾക്ക് ശേഷം നേരിട്ട് ജപ്പാനിൽ വന്ന് അഭിസംബോധന ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തെ മറ്റ് ജമാഅത്തുകളെ പോലെ അഹ്മദിയ്യാ ജമാഅത്ത് ജപ്പാനും പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ജമാഅത്തുകളിൽ ഉൾപ്പെടുന്നു. ആത്മാർത്ഥതയിലും കൂറിലും, സാമ്പത്തിക ത്യാഗങ്ങളിലും മുന്നേറുന്ന ജമാഅത്തുകളിൽ ഉൾപ്പെടുന്നു. എന്നാൽ ജമാഅത്തംഗങ്ങൾ എപ്പോഴും ഓർത്തിരിക്കേണ്ടത്, ഞങ്ങൾ പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്, നമ്മുടെ അംഗസംഖ്യയിൽ അല്പം വർദ്ധനവ് ഉണ്ടായിട്ടുണ്ട്, ഞങ്ങളുടെ സാമ്പത്തിക ത്യാഗങ്ങളും വർദ്ധിച്ചു, നിരവധി വർഷങ്ങളിലേക്കുള്ള ആവശ്യത്തിന് മതിയായ ഒരു പുതിയ സ്ഥലം ഞങ്ങൾ വാങ്ങിക്കഴിഞ്ഞു ആരാധനകൾ കൂടാതെ മറ്റ് പരിപാടികളും നടത്തപ്പെടുന്നതിനായിട്ടാണ് ഞങ്ങൾ പുതിയ സ്ഥലം വാങ്ങിയത് എന്ന ചിന്ത വരരുത്.

നിങ്ങൾ വാങ്ങിയ ഈ പുതിയ സ്ഥലത്തെക്കുറിച്ചുള്ള വിശദീകരണം ഞാൻ പിന്നീട് നൽകുന്നതാണ്. ഈ പുതിയ വിശാലമായ സ്ഥലം നിങ്ങൾക്ക് നമസ്കാരങ്ങൾക്കായി മതിയായതാണ്. ജമാഅത്തിന്റെ ഇപ്പോഴുള്ള അംഗസംഖ്യയനുസരിച്ച് കുറച്ച് കാലത്തേക്ക് ജൽസകൾക്കും മതിയായതാണ്. ഓഫീസുകൾക്കായിട്ടും സ്ഥലം ലഭിക്കുന്നതാണ്. അതിഥിമന്ദിരം, മിഷൻ ഹൗസ്, മറ്റ് സൗകര്യങ്ങൾക്കും മതിയായതാണ്. അഹ്മദിയ്യാ ജമാഅത്ത് ജപ്പാൻ ഇത് വാങ്ങുന്നതിനായി വലിയ സാമ്പത്തിക ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്. സാമ്പത്തിക ത്യാഗത്തിന്റെ കടമകൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥ കടമകൾ നിറവേറ്റപ്പെടുന്നത് ഹ മസീഹ് മൗഊദ് عليه السلام നമ്മോട് കല്പിച്ചിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ആ മഹാത്മാവിന്റെ ബൈഅത്തിൽ വന്നുകൊണ്ട് അത് മനസ്സിലാക്കുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇത് ഒരു യഥാർത്ഥ വിശ്വാസിക്ക് അനിവാര്യമാണ്. താൽകാലിക വികാരങ്ങൾക്കടിപ്പെട്ട് ഏതാനും ത്യാഗങ്ങളും ഏതാനും കർമങ്ങളും ചില സമയത്ത് നന്മയിലേക്ക് മുന്നേറുന്നതിനായി പ്രേരിപ്പിക്കാറുണ്ട്. അല്ലാഹുവിന് വേണ്ടി ചെയ്തിട്ടുള്ളതാണെങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്തെ കരസ്ഥമാക്കുന്നതായി മാറുകയും ചെയ്യുന്നു. എന്നാൽ സ്വയം നമ്മെ ഹ: മസീഹ് മൗഊദ് عليه السلام ന്റെ ബൈഅത്തിൽ പങ്കാളികളാണെന്ന് പറയുന്ന നമ്മുടെ ലക്ഷ്യങ്ങൾ യഥാർഥത്തിൽ കരസ്ഥമാകുന്നത് സ്ഥിരതയൊടു കൂടി നമ്മുടെ ഓരോ കർമങ്ങളെയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ചെയ്യാൻ ശ്രമിക്കുമ്പോഴാണ്, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യം നമ്മുടെ മുന്നിലുണ്ടായിരിക്കുമ്പോഴാണ്.

ഹ: മസീഹ് മൗഊദ് عليه السلام ഒരിടത്ത് പറയുന്നു: അനുഗ്രഹം കരസ്ഥമാക്കിയവരുടെ സവിശേഷതകളും صِرَاطَ الَّذِينَ أَنْعَمْتَ എന്ന് പറഞ്ഞിട്ടുള്ളതിനെയും കരസ്ഥമാക്കുക എന്നതാണ് യഥാർഥ ലക്ഷ്യം. നമ്മുടെ ജമാഅത്തിന് വിശേഷിച്ച് ഇതിലേക്ക് ശ്രദ്ധയുണ്ടാകേണ്ടതാണ്. കാരണം അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ചുകൊണ്ട് ആഗ്രഹിക്കുന്നത് നബി തിരുമേനി صلى الله عليه وسلم തയ്യാറാക്കിയത് പോലുള്ള ജമാഅത്ത് തയ്യാറാക്കുക എന്നതാണ്. ഈ അവസാന കാലഘട്ടത്തിൽ ഈ ജമാഅത്ത് വിശുദ്ധ ഖുർആന്റെയും തിരുനബി صلى الله عليه وسلم യുടെയും സത്യതയ്ക്കും മഹത്വത്തിനും സാക്ഷികളാകുന്നതിനായിട്ടാണ്. അതിനാൽ വളരെ വലിയ ഉത്തരവാദിത്വമാണ് ഹ: മസീഹ് മൗഊദ് عليه السلام നമ്മിൽ ഏൽപ്പിച്ചിട്ടുള്ളത്.

നബിതിരുമേനി صلى الله عليه وسلم യുടെ ജമാഅത്ത് കരസ്ഥമാക്കിയ അല്ലെങ്കിൽ കരസ്ഥമാക്കാൻ ശ്രമിച്ച ലക്ഷ്യത്തെ കരസ്ഥമാക്കുന്നതിനായി നാമും ശ്രമിക്കേണ്ടതാണ്. അവർ നിരന്തമായി ജീവനും, ധനവും, സമയവും ബലിയർപ്പിച്ചു. അല്ലാഹുവിനോടുള്ള കടമകൾ ഭയപ്പെട്ടുകൊണ്ടു നിർവ്വഹിച്ചു കൊണ്ടിരുന്നു. അല്ലാഹുവിനെ ഭയപ്പെടുകയും അവന്റെ സമക്ഷത്തിൽ അർഥനങ്ങൾ ചെയ്തു കൊണ്ടിരുന്നു. ഒരു ത്യാഗസമർപ്പണത്തിലും അഹങ്കരിച്ചില്ല. മറിച്ച്, അല്ലാഹു ഇതിനെ സ്വീകരിക്കേണമേ എന്ന് ദുഃആ ചെയ്തു കൊണ്ടിരുന്നു. ആരാധനകളുടെ നിലവാരം ഉയർത്തികൊണ്ട് തങ്ങളുടെ രാത്രികളെയും ആരാധനകളാൽ ജീവസുറ്റതാക്കി. ഭൗതിക വ്യവഹാരങ്ങളും വ്യവസായങ്ങളും ഉണ്ടായിട്ടും ആരാധനയിൽ തങ്ങളുടെ ഹൃദയങ്ങളെ ദൈവസമരണയിൽ നിന്ന് അശ്രദ്ധരാകാൻ അനുവദിച്ചില്ല. നമ്മിൽ ഓരോരുത്തരും കരസ്ഥമാക്കേണ്ടുന്ന ലക്ഷ്യമാണിത്. ഈ ലക്ഷ്യത്തെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: അഥവാ നിങ്ങൾ ഈ ഉദ്ദേശ്യം കരസ്ഥമാക്കുകയാണെങ്കിൽ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെ കരസ്ഥമാക്കി. കാരണം മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം ദൈവാരാധനയാകുന്നു.

നാം പള്ളികൾ നിർമ്മിക്കുമ്പോൾ, അല്ലെങ്കിൽ സമൂഹ ആരാധനക്കായി ഒരു സ്ഥലം വങ്ങുമ്പോൾ സ്ഥിരോത്സാഹത്തോടു കൂടി നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിന്റെ ഔന്നിത്യങ്ങളിലെത്തണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഭൗതിക ലോകത്തുള്ള ഉദ്ദേശ്യങ്ങൾക്ക് ചില പരിമിതികളുണ്ട്, ഒരു സവിശേഷ ഔന്നിത്യമുണ്ട്. തൽസംബന്ധമായി ഞാനതിനെ കരസ്ഥമാകി എന്ന് മനുഷ്യൻ സന്തോഷിക്കുന്നു. അല്ലെങ്കിൽ ഈ ലോകത്ത് തന്നെ അതിന്റെ അനന്തരഫലം കരസ്ഥമാക്കി എന്നതിൽ സന്തോഷിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ ദാസത്വവും ആരാധനയുടെ ലക്ഷ്യവും അല്ലാഹുവിനോടുള്ള സാമീപ്യത്തിന്റെ നവംനവങ്ങളായ കവാടങ്ങൾ തുറന്നു കൊണ്ടേ പോകുന്നു. പിന്നീട് മരണശേഷവും ഈ ലോകത്തുള്ള കർമ്മങ്ങൾക്ക് പരലോകത്ത് പ്രതിഫലം ലഭിക്കുന്നു. അതിൽ അല്ലാഹുവിന്റെ അസീമിതമായ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും തണലിൽ പുരോഗതി കൈവരിച്ചു കൊണ്ടേയിരിക്കുന്നതാണ്.

മനുഷ്യന്റെ സങ്കൽപ്പങ്ങൾക്കതീതമായ അനുഗ്രഹങ്ങൾ അവിടെ ലഭിക്കുന്നു. സഹാബാക്കൾ رضي الله عنهم ഇക്കാര്യത്തെ മുൻപിൽ വെച്ചുകൊണ്ട് പുരോഗതിയുടെ പടവുകളിലൂടെ മുന്നേറിക്കൊണ്ട് رَضِيَ اللهُ عَنْهُمْ എന്ന ബഹുമതിക്കർഹരായി.

ചുരുക്കത്തിൽ ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു, ഞാനെന്റെ ജമാഅത്തംഗങ്ങളെയും ഇതേ പോലെ പുരോഗതിയുടെ പടവുകളിലൂടെ മുന്നേറുന്നവരായി കാണാൻ ആഗ്രഹിക്കുന്നു. *അതിലൂടെ അവർ തങ്ങളുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെ കരസ്ഥമാക്കികൊണ്ട് അതിന്റെ പുരോഗതിയുടെ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവരാകട്ടെ. അവരുടെ പദവികൾ ഉയർന്നുകൊണ്ടിരിക്കട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നവരായികൊണ്ടിരിക്കട്ടെ.* ആ മഹാത്മാവ് പറഞ്ഞത്, എന്റെ ജമാഅത്തംഗങ്ങൾ വിശുദ്ധ ഖുർആന്റെയും നബി ﷺ തിരുമേനിയുടെയും മഹത്വത്തിന് സക്ഷികളാകണം എന്നതാണ്.

അല്ലാഹുവിന്റെ അവസാനത്തേയും പരിപൂർണ്ണവുമായ ഗ്രന്ഥമായ വുശുദ്ധ ഖുർആന്റെ ശ്രേഷ്ഠത നമ്മുടെ സാക്ഷ്യത്തിലൂടെയാണോ സ്ഥാപിതമാകുക? അല്ലാഹുവിന്റെ അവസാന പ്രവാചകനും, ഏറ്റവും പ്രിയ റസൂലും, ഖാത്തമുൽ അമ്പിയാഉമായ തിരുനബി ﷺ യുടെ ശ്രേഷ്ഠത നമ്മുടെ ഏതെങ്കിലും കർമ്മങ്ങളെ ആശ്രയിച്ചാണോ നില കൊള്ളുന്നത്? ഒരിക്കലുമല്ല. ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞതിന്റെ ഉദ്ദേശ്യം, വിശുദ്ധഖുർആനെ പ്രാവർത്തികമാക്കിക്കൊണ്ടും നബി ﷺ യുടെ ചര്യയെ പിൻപറ്റികൊണ്ടും നമ്മുടെ കർമങ്ങളിൽ ഒരു പരിവർത്തനം വെളിപ്പെടണം. ഇവരുടെ ജീവിതങ്ങളിൽ ഈ വിപ്ലവം വിശുദ്ധ ഖുർആന്റെ സുന്ദര അദ്ധ്യാപനങ്ങളെ പ്രാവർത്തികമാക്കിയതുകൊണ്ടും തിരുനബി ﷺ യുടെ ചര്യയെ പിൻപറ്റിക്കൊണ്ടുമാണ് സംജാതമായത് എന്ന് ലോകം പറയുന്ന തരത്തിൽ വെളിപ്പെടണം. ആരാധനയുടെ ഉന്നത നിലവാരം കരസ്ഥമാകുന്നതിലൂടെ സംജാതമാകുന്ന അല്ലാഹുവിനോടുള്ള കർത്തവ്യ പൂർത്തീകരണത്തെ സ്ഥാപിച്ചവരാണിവർ എന്ന് ലോകം പറയണം. സർവ ധാർമികഗുണങ്ങളുടെയും ഉന്നതമാതൃക സ്ഥാപിക്കുന്നതിലൂടെ സാധ്യമാകുന്ന സൃഷ്ടികളോടുള്ള കടമകളെ പൂർത്തിയാക്കുന്നവരാണിവർ എന്ന് ലോകം പറയണം.

എനിക്ക് നൽകിയിരിക്കുന്ന റിപ്പോർട്ടിൽ ഇക്കാര്യത്തെ പരാമർശിച്ചിട്ടുണ്ട്. നമ്മുടെ വക്കീലായ ഒരു ജപ്പാനി മുസ്‌ലിം സുഹൃത്ത്, നിങ്ങൾ വാങ്ങിയിട്ടുള്ള ഈ സ്ഥലത്ത് പണിയുന്ന അവസാന ഘട്ടത്തിലെത്തിയിരിക്കുന്ന മസ്ജിദ് ബൈത്തുൽ അഹദിന്റെ നടപടികളുമായി ബന്ധപ്പെട്ട് വിവിധ സന്ദർഭങ്ങളിൽ തടസ്സങ്ങൾ നേരിട്ടിരുന്ന അവസരങ്ങളിൽ അദ്ദേഹം നിസ്വാർത്ഥമായ സഹായസഹകരണങ്ങൾ നൽകുകയുണ്ടായി. കാരണം ജമാഅത്തിന്റെ സൃഷ്ടികളോടുള്ള കടമ നിർവ്വഹണത്തിനായി ചെയ്ത വിവിധ പരിശ്രമങ്ങൾക്ക് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വലിയ പ്രാധാന്യമുണ്ടായിരുന്നു. അതായത് ഭൂകമ്പ നാളുകളിലും സുനാമിയുടെ അവസരങ്ങളിലും ചെയ്ത സേവനങ്ങൾ. അദ്ദേഹം പറഞ്ഞു: ജപ്പാന് മേൽ ജമാഅത്തിന്റെ ധാരാളം ഒരു ഔദാര്യങ്ങളുണ്ട്. അതിനാൽ ഞാൻ ഈ ജോലി പ്രതിഫലേച്ഛ കൂടാതെ ചെയ്യുന്നതാണ്.

ഏതായാലും ജമാഅത്ത് ചെയ്യുന്ന ഒരു പ്രവർത്തനവും ഒരു ഔദാര്യമായിട്ടല്ല ചെയ്യുന്നത്, മറിച്ച് സ്വന്തം ഉത്തരവാദിത്വത്തെ നിറവേറ്റുകയാണ് ചെയ്യുന്നത്. അങ്ങിനെയാണ് വേണ്ടതും. ഏതായാലും അവർ തങ്ങളുടെ ഉന്നതമായ ധാർമിക ഗുണങ്ങളാണ് പ്രകടിപ്പിച്ചത്. ജമാഅത്തിന്റെ ഈ എളിയ സേവനത്തെ പ്രശംസിച്ചുകൊണ്ട് ജമാഅത്തിന്റെ സമീപസ്ഥമായി. സൃഷ്ടികളോടുള്ള കടമകളെ നാം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതാണ്, നമുക്ക് ഉപകാരപ്പെട്ടാലും ഇല്ലെങ്കിലും. ഇതാണ് സൃഷ്ടികളോടുള്ള കടമകൾ. വിശുദ്ധ ഖുർആൻ അതിന്റെ അദ്ധ്യാപനവും, നമ്മുടെ തിരുനബി ﷺ യുടെ മാതൃകയും, നമുക്ക് നൽകിയിട്ടുള്ള കല്പനയും സൃഷ്ടികളെ സേവിക്കുക എന്നതാണെന്ന് നാം പറയുമ്പോൾ -അങ്ങിനെ പറയേണ്ടതാണ്- ആ നിർവ്വചനത്തിന് ഒരു വിശാലത കൈവരുന്നു. ഈ ജപ്പാനി വാക്കീലിനെ പോലെയുള്ള കൂടുതൽ ആളുകൾ മുൻ പന്തിയിലേക്ക് വരുന്നതാണ്. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ വെളിപ്പെടുന്നവർ ജമാഅത്തിന്റെ സേവനങ്ങളെ പ്രശംസിക്കുന്നതാണ്. തന്മൂലം ഇസ്‌ലാമിന്റെ പരിചയം വർദ്ധിക്കുന്നതാണ്. ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ ശ്രേഷ്ഠത ആവരിൽ സ്ഥാപിതമാകുന്നതാണ്. അങ്ങനെ തബ്‌ലീഗിന്റെ കൂടുതൽ വാതായനങ്ങൾ തുറക്കപ്പെടുന്നതാണ്.

നിസാര നിയമജോലികൾ മാത്രം ശേഷിക്കുന്ന ഈ മസ്ജിദ് ബൈത്തുൽ അഹദിന്റെ നടപടികൾ പൂർത്തിയായതിന് ശേഷം അതിന് പള്ളിയുടെ രൂപവും നൽകുന്നതാണ്. അതിലൂടെ ജമാഅത്തിനെകുറിച്ചുള്ള പരിചയം വർദ്ധിക്കുന്നതാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെ കൂടുതലായി പരിചയപ്പെടുത്തുന്നതിനുള്ള അവസരവും ലഭിക്കുന്നതാണ്.

സൽപ്രകൃതക്കാരായ കാരണത്താൽ ഇസ്‌ലാമിലേക്കുള്ള ഇവരുടെ താൽപര്യം വർദ്ധിക്കുന്നതാണെന്ന് ഹ: മസീഹ് മൗഊദ് ആഗ്രഹം പ്രകടിപ്പിക്കുകയും പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ സൽപ്രകൃതക്കാരാണ് അതിനാലാണ് ഇസ്‌ലാമിലേക്ക് താൽപര്യം ഉണ്ടാകുന്നത്. അതുകൊണ്ട് അവരിൽ ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതിനായി ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ജപ്പാൻ ഭാഷയിലുള്ള ഒരു ഗ്രന്ഥം രചിക്കണം എന്നും ആ മഹാത്മാവ് പറഞ്ഞിരുന്നു.

ഏതായാലും പ്രസ്തുത ഗ്രന്ഥത്തിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭൂരിഭാഗവും പാക്കിസ്ഥാനികളും പഴയ അഹ്മദികളുമായ ഇവിടുത്തെ നിവാസികളായ നിങ്ങൾ സ്വന്തം പ്രവർത്തന മാതൃകയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. തൽഫലമായി മുമ്പത്തേക്കാളുപരി ജനങ്ങൾ നിങ്ങളെ ശ്രദ്ധിക്കുന്നതാണ്. നിങ്ങൾ തബ്‌ലീഗ് ചെയ്യുമ്പോൾ, ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുമ്പോൾ നിങ്ങളുടെ പ്രവർത്തന മാതൃക എന്താണെന്ന് ജനങ്ങൾ നോക്കുന്നതാണ്. നിങ്ങൾ ഈ പള്ളി നിർമ്മിക്കുന്നതിനായി എന്തെല്ലാം ത്യാഗങ്ങൾ ചെയ്തു എന്ന് നോക്കില്ല. നിങ്ങളുടെ പ്രവർത്തന മാതൃക എന്താണ്, അല്ലാഹുവുമായി നിങ്ങളുടെ സജീവമായ ബന്ധം എപ്രകാരമാണ്, നിങ്ങളിൽ പ്രവേശിച്ചുകൊണ്ട് അവരിൽ എന്ത് പരിവർത്തനം ഉണ്ടാക്കാൻ കഴിയും എന്നാണ് നോക്കുക.

ഭൗതികമായ നിലയിൽ ഇവർ നിങ്ങളേക്കാൾ ബഹുദൂരം മുന്നിലാണ്. അവരുടെ പ്രത്യക്ഷ സ്വഭാവങ്ങളും ഉന്നതമാണ്. എന്തെങ്കിലും പുതിയ കാര്യം അവർക്ക് നൽകാനുണ്ടെങ്കിൽ അത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗമാകുന്നു. ജീവനുള്ള മതം ഇപ്പോൾ ഇസ്‌ലാം മാത്രമാണെന്ന് അവരോട് പറയാവുന്നതാണ്. അല്ലാഹുവിനോടുള്ള ആരാധനയുടെ കടമകൾ എങ്ങിനെ നിറവേറ്റാം എന്ന് പറഞ്ഞ് കൊടുക്കാൻ കഴിയും. അല്ലാഹു എപ്രകാരമാണ് ദുഃആകൾ കേൾക്കുന്നതെന്ന് പറയാൻ കഴിയും. അല്ലാഹു തന്റെ ദാസരോട് എപ്രകാരമാണ് സംസാരിക്കുന്നത് എന്ന് പറയാൻ കഴിയും. എന്നാൽ ഇതെല്ലാം ചെയ്യുന്നതിനായി നാം ആത്മ പരിശോധന നടത്തേണ്ടതുണ്ട്. അല്ലാഹുവിനോടുള്ള നമ്മുടെ ബന്ധത്തെ സുദൃഢമാക്കേണ്ടിവരും. സ്വന്തം നമസ്കാരങ്ങളെ സംരക്ഷിക്കേണ്ടിവരും. സ്വന്തം ആരാധനയുടെ കടമകൾ നിറവേറ്റേണ്ടിവരുന്നതാണ്. പരസ്പരം സ്നേഹത്തോടും സഹകരണത്തോടും കഴിയേണ്ടി വരുന്നതാണ്. ജപ്പാൻ സമുദായത്തിന്റെ ധാർമിക ഗുണങ്ങളേക്കാൾ ഉന്നതമായ ധാർമിക ഗുണങ്ങൾ സ്വായത്തമാക്കേണ്ടിവരുന്നതാണ്. പ്രത്യക്ഷ ധാർമിക ഗുണങ്ങൾ ഇവരിൽ ധാരാളമുണ്ട്. മനുഷ്യസഹതാപവും ഇവരിലുണ്ട്.

ഔദാര്യത്തിന് പകരമായി ഔദാര്യം ചെയ്യുക എന്ന ഇസ്‌ലാമിക അദ്ധ്യാപനങ്ങളെയും ഇവർ പ്രാവർത്തികമാക്കുന്നുണ്ട്.

അതുകൊണ്ടാണ് ഇവരിൽ ഇസ്‌ലാമിനോടുള്ള ശ്രദ്ധയുണ്ടാകാൻ കാരണം ഇവരുടെ യോഗ്യതയാണെന്ന് ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞത്. അതിനാൽ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ ഇവർക്ക് പരിചയപ്പെടുത്തേണ്ടത് വളരെ അനിവാര്യമാകുന്നു. അവരിലുള്ള യോഗ്യതയെ പൂർണമായും ഉപയോഗപ്പെടുത്തേണ്ടതാണ്. അവരുടെ സ്വഭാവഗുണങ്ങളെ പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനായി ഇസ്‌ലാമിന്റെ സൗന്ദര്യത്തെ നാം പ്രകടിപ്പിക്കേണ്ടതുണ്ട്. ദാസരുമായുള്ള ദൈവബന്ധത്തിന്റെ പ്രവർത്തന മാതൃക അവർക്ക് കാണിച്ചു കൊടുക്കേണ്ടതുണ്ട്. അതിനായി ഇവിടെ വസിക്കുന്ന ഓരോ അഹ്‌മദിക്കും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളെയും നബി തിരുമേനി ﷺ യുടെ മാതൃകയെയും മുന്നിൽ വെക്കേണ്ടിവരുന്നതാണ്. അതിനെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതാണ്. അതിൽ നിന്നുള്ള ചില കാര്യങ്ങൾ ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്.

ആദ്യമായി അല്ലാഹു വാഗ്ദാനങ്ങളെ സംബന്ധിച്ച് ചോദിക്കുന്നതാണ് എന്ന കാര്യം നാം എപ്പോഴും പരിഗണിക്കണം. നിങ്ങൾ ചെയ്തിരിക്കുന്ന വാഗ്ദാനങ്ങളെ സംബന്ധിച്ച് ചോദിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ നാം ഹ: മസീഹ് മൗഊദ് عليه السلام നോട് ബയ്അത്ത് ചെയ്തിരിക്കുന്നു. ബയ്അത്ത് ചെയ്തു, അഹ്‌മദിയായി എന്നത് മാത്രം പോര. പഴയ അഹ്‌മദികൾ ഖിലാഫത്തിന്റെ കയ്യിൽ ബൈഅത്ത് പുതുക്കുന്നു, അതിനെ മതിയായതായി കണക്കാക്കുന്നു. ബയ്അത്ത് വാഗ്ദാനം നമ്മിൽ നിന്ന് ഒരു കാര്യം ആവശ്യപ്പെടുന്നു. അതിനെ ബയ്അത്തിന്റെ 10 നിബന്ധകളുടെ രൂപത്തിൽ നമ്മുടെ മുന്നിൽ സമർപിച്ചിരിക്കുന്നു. എല്ലാ അവസ്ഥയിലും ദീനിന് ദുൻയാവിന്മേൽ മുൻഗണന ഉണ്ടായിരിക്കും എന്നതാണ് അതിന്റെ സംക്ഷിപ്തം. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നല്കാൻ നാം എപ്പോഴും പരിശ്രമിച്ച് കൊണ്ടിരിക്കുന്നതാണ്.

ഹ: മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു, ബയ്അത്ത് ചെയ്യുമ്പോൾ, ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുന്നതാണെന്ന് പ്രതിജ്ഞ ഞാൻ വാങ്ങുന്നതായി നിങ്ങൾ കാണാറുണ്ട്. ബയ്അത്ത് ചെയ്യുന്ന ആൾ എങ്ങിനെ അത് പ്രാവർത്തികമാക്കുന്നു എന്ന് നോക്കുന്നതിന് വേണ്ടിയാണിത്. ആ മഹാത്മാവ് പറയുന്നു, എന്തെങ്കിലും ഭൗതിക കാര്യമാണെങ്കിൽ നിങ്ങൾ കഠിന പരിശ്രമം നടത്തുമ്പോഴാണ് അത് കരസ്ഥമാകുന്നത്. എന്നാൽ ദീനിന് വേണ്ടി പരിശ്രമിക്കാനുള്ള നോമ്പരവും, എപ്പോഴും അല്ലാഹു മുന്നിലുണ്ടാകുന്ന തരത്തിലുള്ള പ്രയത്നവും സ്വയം തങ്ങളെ അല്ലാഹുവിന്റെ കല്പനകൾക്കനുഗുണമായി രൂപപ്പെടുത്തുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമവും നിങ്ങളിലില്ല. ആ മഹാത്മാവ് പറയുന്നു, ജമാഅത്തിൽ ഒരു പരിശുദ്ധമായ മാറ്റം ഉണ്ടാകേണ്ടതാണെന്ന വ്യഥ എപ്പോഴും എന്റെ മനസ്സിൽ ഉടലെടുക്കുന്നു. എന്റെ ജമാഅത്തിലെ പരിശുദ്ധ മാറ്റത്തെ സംബന്ധിച്ച് എന്റെ ഹൃദയത്തിലുള്ള രൂപം ഇപ്പോൾ രൂപപ്പെട്ടിട്ടില്ല. ഈ അവസ്ഥയെ കാണുമ്പോൾ

لَعَلَّكَ بَاخِعٌ نَّفْسَكَ أَلَّا يَكُونُوا مُؤْمِنِينَ ﴿٤﴾

എന്ന അവസ്ഥയാണ് എന്റെത്. അതായത് അവർ എന്തുകൊണ്ട് വിശ്വാസികളാകുന്നില്ല എന്ന ചിന്ത നിന്നെ നശിപ്പിച്ചേക്കാം.

പറയുന്നു: ബയ്അത്തിന്റെ സമയത്ത് ഏതാനും വാക്കുകൾ തത്തയെ പോലെ ഉരുവിടുന്നത് മതിയായതാണെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് യാതൊരു ഗുണവുമില്ല. ആത്മ പരിശുദ്ധിയുടെ ജ്ഞാനം കരസ്ഥമാക്കുക. അതിന്റെ ആവശ്യമാണുള്ളത്. സ്വന്തം ആത്മാവിനെ എങ്ങിനെ ശുദ്ധീകരിക്കാം എന്നത് മനസിലാക്കാൻ ശ്രമിക്കുക.

അദ്ദേഹം ബയ്അത്ത് ചെയ്യുന്നതിന്റെ യാഥാർത്ഥ്യത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു: നിങ്ങളിൽ ഒരു പരിശുദ്ധ പരിവർത്തനം സംജാതമാക്കുക. തികച്ചും ഒരു പുതിയ മനുഷ്യനായി ത്തീരുക. അതിനാൽ നിങ്ങളിരോരുത്തർക്കും ഈ രഹസ്യം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഞാൻ മറ്റൊരാളാണ് എന്ന് പറയാൻ കഴിയുന്ന മാറ്റം സംജാതമാക്കുക. അതായത് ഞാൻ മുമ്പുണ്ടായിരുന്നത് പോലെയല്ല എന്ന് പറയാൻ കഴിയണം.

ഈയൊരു വേദനയാണ് നാം അനുഭവിച്ചറിയേണ്ടത്. തന്റെ സഹവാസത്താൽ അനുഗ്രഹീതമായിക്കൊണ്ടിരിക്കുന്നവരെ സംബന്ധിച്ചുള്ള ഹ: മസീഹ് മൗഊദ് عليه السلام ന്റെ വാക്കുകളാണിത്. അവരുടെ നിലവാരം ഹ: മസീഹ് മൗഊദ് عليه السلام ന്റെ അഭിലാഷത്തിനനുരൂപമായിരുന്നില്ല, അവരിൽ ന്യൂനതകളുണ്ടായിരുന്നുവെങ്കിൽ നമ്മുടെ കാലഘട്ടത്തിൽ ഈ ന്യൂനതകൾ എത്രയോ മടങ്ങ് അധികരിച്ചിരിക്കുന്നു. അവയെ ദുരീകരിക്കുന്നതിനായി നമുക്ക് പതിൻ മടങ്ങ് പരിശ്രമവും അനിവാര്യമാകുന്നു. അപ്പോൾ മാത്രമേ നാം ഹ: മസീഹ് മൗഊദ് عليه السلام ന്റെ വേദനയെ ലഘൂകരിക്കുന്നവരായി മാറുകയുള്ളൂ.

നിങ്ങളുടെ അവസ്ഥകൾ കണ്ടുകൊണ്ട് ഞാനെന്നെ തന്നെ നശിപ്പിക്കുന്ന അവസ്ഥയിലാണുള്ളത് എന്നാണ് ഹദ്റത് മസീഹ് മൗഊദ് عليه السلام പറയുന്നത്. എന്തുകൊണ്ടാണിത്? അന്യർ വിശ്വസിക്കുന്നില്ല എന്ന വേദനയുണ്ട്. എന്നാൽ ഇവിടെ സ്വന്തം ആളുകളെ സംബന്ധിച്ചുള്ള ചിന്തയാണ്. ഒരു വിശ്വാസിക്ക് അനിവാര്യമായ സ്ഥാനം എന്ത്കൊണ്ട് കരസ്ഥമാക്കുന്നില്ല എന്ന ചിന്തയാണ്.

അത്തരത്തിൽ വിശ്വാസിച്ചവരെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പറയുന്നത്, നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചു, അനുസരണം പുലർത്തി എന്ന് പറയുക എന്നതാണ്. ജമാഅത്ത് വ്യവസ്ഥിതിയിൽ പങ്കാളിയായി, തിരുനബി ﷺ ഖാത്തമുന്നബിയ്യീനാണെന്ന് അംഗീകരിച്ചു, തിരുനബി ﷺ പ്രവചിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദി മഅ്ഹൂദും വന്നുകഴിഞ്ഞെന്ന് വിശ്വസിച്ചു, അദ്ദേഹത്തിൽ ബയ്അത്ത് ചെയ്ത് അതിൽ പങ്കാളിയായി. എന്നാൽ വിശ്വാസം പൂർണമായ നിലയിൽ നിങ്ങളിൽ ഇപ്പോൾ സംജാതമായിട്ടില്ല.

വിശ്വസത്തിന് ധാരാളം നിബന്ധനകളുണ്ട്. അത് പൂർത്തിയാക്കേണ്ടത് അനിവാര്യമാകുന്നു. ഉദാഹരണമായി വിശ്വാസി ഏറ്റവും അധികമായി അല്ലാഹുവിനെ സ്നേഹിക്കുന്നു. അതിന്റെ അർത്ഥം, ഒരു ഭൗതിക വസ്തുവിനും ബന്ധത്തിനും അല്ലാഹുവിനു മുന്നിൽ പ്രാധാന്യം നൽകാതിരിക്കുക എന്നതാണ്. അല്ലാഹുവിന്റെ കല്പനകളെ പ്രാവർത്തികമാക്കുക. വിശുദ്ധ ഖുർആനിൽ അല്ലാഹു നിരവധി സ്ഥലങ്ങളിൽ വിശ്വാസത്തോടൊപ്പം സൽകർമങ്ങളെയും നിബന്ധനയായി പറഞ്ഞിട്ടുണ്ട്. അതായത് സൽക്കർമവുമായിരിക്കണം സന്ദർഭത്തിനും സാഹചര്യത്തിനും അനുഗുണവുമായിരിക്കണം. കൂടാതെ അല്ലഹുവിന്റെ തൃപ്തിയെ കാംക്ഷിച്ചു കൊണ്ടുള്ളതുമായിരിക്കണം.

ആരാധനയുടെ കടമ പൂർത്തിയാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന കല്പന അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വസികൾക്ക് നൽകിയതോടൊപ്പം പറഞ്ഞിട്ടുള്ളത്, മനുഷ്യർക്കിടയിൽ സമുദ്ധാരണം നടത്തുന്നവരാണ് വിശ്വാസികൾ എന്നാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി പരസ്പരം നന്നാക്കാൻ ശ്രമിക്കുന്നു. കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുന്നില്ല. അവരുടെ അഭിപ്രായങ്ങൾ ലോകത്തിന്റെ നന്മക്ക് വേണ്ടിയായിട്ടുള്ളതാണ്, നാശത്തിനുവേണ്ടിയിട്ടുള്ളതല്ല. അതായത് നന്മയെ ഉപദേശിക്കുകയും തിന്മകളിൽ നിന്ന് തടയുകയും ചെയ്യുന്ന ശ്രേഷ്ഠ സമുദായമാകുന്നു അവർ. സൂക്ഷിപ്പുമുതലിന്റെ അവകാശത്തെ പൂർത്തിയാക്കുന്നവരാണ് വിശ്വാസികൾ. അവർ തങ്ങളുടെ വാഗ്ദാനത്തെ പാലിക്കുന്നവരാണ്. സത്യത്തിൽ ഉറച്ചുനിൽക്കുന്നവരാണവർ. യാതൊരു വക്രമായ വാക്കുകളും

പറയാത്ത തരത്തിൽ ചൊവ്വായ വാക്കുകളെ പ്രായോഗിക വൽക്കരിക്കുന്നവരാണിവർ. സ്വന്തക്കാർക്കെതിലും സാക്ഷി പറയേണ്ടി വന്നാൽ പറയുന്നവരാണവർ. അവർ പരസ്പരം ത്യാഗമനോഭാവത്താൽ ഭരിതരാണ്.സഹാബാക്കൾ പരസ്പരം ത്യാഗത്തിന്റെ ഉന്നത മാതൃകകളാണ് സമർപ്പിച്ചത്. തങ്ങളുടെ സ്വത്തും, വീട്ടുസാമഗ്രികളും, സമ്പത്തും എല്ലാം തന്നെ പരസ്പരം ത്യജിക്കുന്നതിന് സന്നദ്ധരായി.

പിന്നീട് വിശ്വാസികളുടെ ലക്ഷണമായി പറഞ്ഞത്, അവർ സദ്ഭാവനയുള്ളവരാകുന്നു എന്നതാണ്. അവർ ദുർധാരണവെച്ചു പുലർത്തുന്നവല്ല. കേട്ടുകേൾവി വിശ്വസിച്ചുകൊണ്ട് പരസ്പരം വിദ്വേഷവും ശത്രുതയും സംജാതമാകുന്നവരല്ല. നിങ്ങളിൽ ഓരോരുത്തരും ഓരോ ജമാഅത്തംഗവും ഈയൊരു കാര്യത്തെ നൂറ് ശതമാനവും പ്രായോഗികവൽക്കരിക്കുകയാണെങ്കിൽ പുരോഗതിയുടെ വേഗതയും പതിൻമടങ്ങ് വർദ്ധിക്കുന്നതാണ്. ഭാര്യമാരോട് നല്ലപോലെ പെരുമാറുന്നു. ഇതും അല്ലാഹുവിന്റെ നിർദ്ദേശമാണ്. ഇവിടെ ജപ്പാനി സ്ത്രീകളെ വിവാഹം കഴിച്ചവർ തങ്ങളുടെ ഭാര്യമാരോട് ഉത്തമമായ നിലയിൽ ഇസ്ലാമികദ്ധ്യാപനുസരിച്ച് പെരുമാറുകയാണെങ്കിൽ അവരുടെ അടുത്ത ബന്ധുക്കളിൽ അത് തബ്ലീഗിനുള്ള മാർഗമായിത്തീരുന്നതാണ്.

വിശ്വാസികൾ പരസ്പരമുള്ള തെറ്റുകളെ പൊറുത്തു കൊടുക്കുന്നവരാണ്, അവഗണിക്കുന്നവരാണ്. വിശ്വാസികൾ വിനയാന്വിതരാണ്. ഹദ്റത് മസീഹ് മൗഊദ് (عليه السلام) ഇതിനെ തന്റെ ഒരു കവിതയിൽ ഇപ്രകാരം പറയുന്നു,

*ബദ്തർ ബനോ ഹർ ഏക് സെ അപ്നെ ഖയാൽ മേ*
*ശായദ് കെ ഉസ്സെ ദാഖിൽ ഹൊ ദാറുൽ വിസാൽ മേ*

എളിമ കാണിക്കുകയും എല്ലാവരെക്കാളും നിന്ദ്യനായി സ്വയം തന്നെ ധരിക്കുകയും ചെയ്താൽ മാത്രമേ അല്ലാഹുവിന്റെ സ്നേഹത്തെ കരസ്ഥമാകുന്നവരായി മാറുകയുള്ളൂ.

അതിനാൽ അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുന്നുവെങ്കിൽ എളിമ നിബന്ധനയാകുന്നു. അഹങ്കാരം അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഭാരവാഹികളും തങ്ങളുടെ പരിധിയിൽ വിനയം കൈക്കൊള്ളുക. ജമാഅത്തംഗങ്ങളും വിനയം കൈക്കൊള്ളുക. കോപത്തെ നിയന്ത്രിക്കുന്നവരായിരിക്കണം. ഒരു വിശ്വാസിയുടെ ലക്ഷണമാണിത്. തങ്ങളുടെ വാഗ്ദനങ്ങളെ പൂർത്തിയാക്കുക. അല്ലാഹു വാഗ്ദാനങ്ങളെ സംബന്ധിച്ച് ചോദിക്കുന്നതാണെന്ന് ഞാൻ മുൻപും പറയുകയുണ്ടായി. ഈ കാലഘട്ടത്തിൽ നാം ചെയ്ത ബയ്അത്ത് വാഗ്ദാനത്തെ മനസ്സിലാക്കുകയും പ്രാവർത്തികമാക്കുകയും, അതിനെ പാലിക്കുകയും, പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. നാം എല്ലാ സൽക്കർമങ്ങളും ചെയ്യുന്നവരും നമ്മുടെ ജീവിതങ്ങളെ അല്ലാഹുവിന്റെ കല്പനയ്ക്കനുസൃതമായി രൂപപ്പെടുത്തുകയും ചെയ്യുമ്പോഴാണത് സാധ്യമാക്കുക. ജമാഅത്തിന്റെ ലക്ഷ്യമായി മസീഹ് മൗഊദ് (عليه السلام) പറഞ്ഞതനുസരിച്ച് മുന്നേറുമ്പോഴാണ് അത് സാധ്യമാകുക.

എനിക്കിപ്പോൾ കൂടുതൽ വിശദമായി കല്പനകളെ പരാമർശിക്കാൻ സാധിക്കില്ല. അനേകം കല്പനകളുണ്ട്. വിശുദ്ധ ഖുർആന്റെ കല്പനകൾക്കനുഗുണമായിട്ട് തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുന്നവരാണോ, ഹ: മസീഹ് മൗഊദ് (عليه السلام) ന്റെ ബയ്അത്തിൽ വന്നുകൊണ്ട് ആ മഹാത്മാവിന്റെ അഭിലാഷങ്ങളെ പൂർത്തിയാക്കുന്നവരാണോ, തങ്ങളുടെ ഓരോ കർമവും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായിട്ടാണോ എന്ന് ആത്മ പരിശോധന നടത്തുക.

*ബദ്തർ ബനോ ഹർ ഏക് സെ അപ്നെ ഖയാൽ മേ* എന്ന ഹദ്റത് മസീഹ് മൗഊദ് (عليه السلام) ന്റെ കവിതാ ശകലം ഞാൻ കേൾപ്പിച്ചിരുന്നു. ഈയൊരവസ്ഥ നമ്മിൽ ഓരോരുത്തരിലും സംജാതമാകുമ്പോൾ മാത്രമേ എങ്ങിനെയാണ് മറ്റുള്ളവർക്ക് പൊറുത്തുകൊടുക്കുക എന്ന് നമുക്ക് പഠിക്കാൻ കഴിയൂകയുള്ളൂ. ദുർഭാവനയിൽ നിന്നും നാം രക്ഷപ്പെടുന്നതാണ്. ജമാഅത്തിന്റെ പുരോഗതിക്കായി ഗുണകാരിയായ വ്യക്തിത്വമായി മാറുന്നതാണ്. അതിനാൽ ഹദ്റത് മസീഹ് മൗഊദ് (عليه السلام) ന്റെ വേദനയും ഉൽകണ്ഠയും ഓരോരുത്തരും മനസ്സിലാക്കേണ്ടതാണ്. ഇക്കാര്യങ്ങളാണ് ആത്മപരിശുദ്ധിക്ക് ഹേതുവാകുന്നത്.

പരസ്പരം സ്നേഹവും, ഇഷ്ടവും, സാഹോദര്യവും ഉണ്ടാക്കിയെടുക്കുക. മറ്റുള്ളവരുടെ ന്യൂനതയും, കുറവും, ദൗർബല്യവും അന്വേഷിച്ച് നടക്കുന്നതിന് പകരമായി പരസ്പരം നന്മകളെ തിരയുക. ഹദ്റത് മസീഹ് മൗഊദ് (عليه السلام) ഒരു സ്ഥലത്ത് പറയുന്നു: "എല്ലാവരും പരസ്പരമുള്ള കലഹവും, ആവേശവും, ശത്രുതയും ഇല്ലാതാക്കുക. നിസാര കാര്യങ്ങളെ അവഗണിച്ചുകൊണ്ട് പ്രധാനപ്പെട്ടതും അതി മഹത്തായതുമായ കാര്യങ്ങളിൽ മുഴുകേണ്ട കാലമാണിത്." പറയുന്നു: "നിങ്ങൾ ഓർത്തുകൊള്ളുക, അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ നിങ്ങളിൽ പ്രായോഗികമാക്കുകയും, അവന്റെ ദീനിനെ സഹായിക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു എല്ലാ തടസങ്ങളെയും ദുരീകരിക്കുന്നതാണ്. അങ്ങനെ നിങ്ങൾ വിജയികളായിത്തീരുന്നതാണ്."

അല്ലാഹുവിന്റെ ദീനിനെ പ്രചരിപ്പിക്കുന്നതിനായി പരിശ്രമിക്കുക എന്ന മഹത്തായ കാര്യത്തിലേക്കാണ് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ഹദ്റത് മസീഹ് മൗഊദ് (عليه السلام) ന്റെ നിയോഗോദ്ദേശ്യത്തെ പൂർത്തിയാക്കുക എന്ന സദുദ്യമത്തെ വിജയിപ്പിക്കുന്നതിനായിട്ടാണ് നാം ഇപ്പോൾ പരിശ്രമിക്കേണ്ടത്. ആ മഹാത്മാവിന്റെ ആഗമനലക്ഷ്യം, ദാസരെ അല്ലാഹുവിലേക്കടുപ്പിക്കുകയും അവനുമായി ജീവസുറ്റ ബന്ധം സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. അതു പോലെ മനുഷ്യരുടെ പരസപരമുള്ള അവകാശങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുകയും അവയെ പൂർത്തിയാക്കുകയും ചെയ്യുക എന്നതുമാണ്. ഇതെല്ലാം തന്നെ സാധ്യമാകുന്നത് നാം പരിപൂർണ്ണ വിശ്വാസിയാകുന്നതിന് ശ്രമിക്കുമ്പോഴാണ്. അപ്പോഴാണ് ഇസ്ലാമിന്റെ സുന്ദരമായ അദ്ധ്യാപനം ലോകത്തിന്റെ എല്ലായിടങ്ങളിലേക്കും എത്തുക. അതിനാൽ വീണ്ടും പറയുന്നു, ഓരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതാണ്. ജപ്പാനിലെ ജമാഅത്ത് ഒരു ചെറിയ ജമാഅത്താകുന്നു. വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യം പ്രകടമാക്കുന്ന ഏതാനും ചിലർ അവരിൽ ഉണ്ടായാൽ പോലും അതു ജമാഅത്തിലെ എല്ലാവരെയും ബാധിക്കുന്നതാണ്. വിശേഷിച്ച് യുവാക്കളിലും കുട്ടികളിലും ദീനിൽ നിന്ന് അകന്നു പോകുന്ന തരത്തിലുള്ള പ്രഭാവം ചെലുത്താവുന്നതാണ്. ജമാഅത്തിനോട് അനുഭാവം പുലർത്തുന്ന ജപ്പാനികളും ഇത് കണ്ട് ജമാഅത്തിൽ നിന്ന് അകന്നു പോകുന്നതാണ്. അഹ്മദി പുരുഷന്മാരെയും സ്ത്രീകളെയും വിവാഹം കഴിച്ച് ജമാഅത്തിനോട് അടുപ്പം പുലർത്തുന്ന ജപ്പാനികളായ സ്ത്രീകളും പുരുഷന്മാരും അകന്നു പോകുന്നതാണ്.

അതിനാൽ വളരെ ചിന്താർഹമായ സന്ദർഭമാണിത്. ഏറ്റവും പ്രഥമമായി ഇതിന്റെ ഉത്തരവാദിത്വം ജമാഅത്ത് പ്രസിഡന്റിനും മിഷ്നറി ഇൻചാർജിനുമാകുന്നു. അവർ ഒരു പിതാവിനെ പോലെ പെരുമാറുക. തങ്ങളിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കിയെടുക്കുന്നതിനുള്ള പരിശ്രമത്തിൽ മുഴുകിക്കൊണ്ടിരിക്കുക. തന്റെ ഭാരവാഹിത്വമനുസരിച്ചും അറിവനുസരിച്ചും ഏറ്റവും വലിയ ഉത്തരവാദിത്വം അവർക്കാണ്. അവരോട് ചോദിക്കപ്പെടുന്നതാണ്. അജ്ഞതയോ, അറിവില്ലായ്മയോ ആണെങ്കിൽ അത് വേറൊരു കാര്യം. എല്ലാം ഉണ്ടായിട്ടും അതിനനുസരിച്ചു പ്രവർത്തനം ഇല്ലെങ്കിൽ അവരോട് കൂടുതൽ ചോദ്യം ഉണ്ടാകുന്നു.

ജമാഅത്തംഗങ്ങളിൽ നിന്നോരോരുത്തരും ആത്മ പരിശോധന നടത്തേണ്ടതാണ്. എല്ലാ ജമാഅത്ത് ഭാരവാഹികളും ആത്മ വിശകലനം ചെയ്യേണ്ടതുണ്ട്. ഭാരവാഹിത്വത്തിന്റെ ഉത്തരവാദിത്വം പൂർത്തിയാക്കുന്നുണ്ടോ, ഏതെങ്കിലും കടമ നിറവേറ്റാത്തത് ജമാഅത്തിൽ അസ്വസ്ഥതയ്ക്ക് കാരണമാകുന്നുണ്ടോ എന്നത് പരിശോധിച്ചു കൊണ്ടിരിക്കുക. പിന്നീട് ശാഖാ സംഘടനകളുടെ ഭാരവാഹികളുണ്ട്. അവരും സ്വന്തം ആത്മപരിശോധന ചെയ്യേണ്ടതുണ്ട്. ഓരോരുത്തരും തങ്ങളുടെ സൂക്ഷിപ്പു മുതലിനെയും വാഗ്ദാനങ്ങളേയും സംബന്ധിച്ച് അതെത്രത്തോളം പാലിച്ചു എന്ന് ചോദിക്കപ്പെടുന്നതാണ്.

യോഗങ്ങളിലും സമ്മേളനങ്ങളിലും പരിപാടികൾ ജപ്പാൻ ഭാഷയിലായിരിക്കണം. ജപ്പാൻകാരായവർക്ക് എന്ത് പരിപാടിയാണ് നടക്കുന്നെന്ന് മനസ്സിലാകുന്നില്ല എന്നുള്ള ചില പരാതിയും ലഭിച്ചിട്ടുണ്ട്. ജപ്പാൻ ഭാഷ നന്നായി മനസ്സിലാക്കാൻ കഴിയാത്ത സ്ത്രീകൾക്കും, പുരുഷന്മാർക്കും ഉർദു ഭാഷയിൽ തർജ്ജുമ യ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തുക. ഉർദു പരിപാടികൾ ജപ്പാൻ ഭാഷയിലേക്ക് പരിഭാഷ ചെയ്യുകയല്ല വേണ്ടത്. അതിന് വിപരീതമാണ് വേണ്ടത്. എല്ലാ പരിപാടികളും ജപ്പാൻ ഭാഷയിലായിരിക്കണം. പരിഭാഷ ഉർദുവിലായിരിക്കണം. ജപ്പാനി അഹ്മദികളെ കൂടുതലായി തങ്ങളുടെ പരിപാടികളിൽ ഭാഗഭാക്കാക്കുക. അവരെകൊണ്ട് പ്രസംഗിപ്പിക്കുകയും ചെയ്യുക. സംവിധാനത്തെ കുറിച്ചും അവർക്ക് പറഞ്ഞു കൊടുക്കുക. അവർക്ക് മറ്റ് സേവനങ്ങൾക്കുള്ള അവസരം നൽകുക.

ഞാൻ നേരത്തെ പറഞ്ഞതു പോലെ നിങ്ങളുടെ പള്ളി ഉടൻ തന്നെ പൂർത്തിയാവുന്നതാണ്. ഇതിലൂടെ തബ്ലീഗിന്റെ കൂടുതൽ മാർഗങ്ങൾ തുറക്കപ്പെടുന്നതാണ്. ഈ മാർഗത്തിൽ സഞ്ചരിക്കു വാനായി വരുന്നവർക്ക്, അതിനെ അന്വേഷിക്കാനായി ശ്രമിക്കു ന്നവർക്ക്, അഹ്മദിയ്യത്തിനെ സംബന്ധിച്ച് അറിവുള്ള പഴയ അഹ്മദികൾ മാർഗദർശനത്തിനായി അവിടെ ഉണ്ടാകുന്നതിനായി ഓരോ അഹ്മദിയും ഈ എല്ലാ മാർഗങ്ങളിലും മേൽനോട്ടക്കാര നായിക്കൊണ്ട് നിലകൊള്ളേണ്ടി വരുന്നതാണ്.

ഓരോരുത്തർക്കും അല്ലാഹുവിനോടുള്ള ബന്ധം സ്ഥാപിത മായില്ലെങ്കിൽ ഞാൻ നേരത്തേ പറഞ്ഞതു പോലെ ഇത് സാധ്യമല്ല. ആരുടെ പേരിലാണോ ഈ പള്ളി നിർമിക്കപ്പെടുന്നത് അവനോടുള്ള കടമകൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ, ആരോടും രക്തബന്ധമില്ലാത്ത അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനമില്ലെങ്കിൽ, അത് സാധ്യമല്ല. ഭയ ഭക്തിയുടെ മാർഗം സ്വീകരിക്കുന്നവരും, ആരാധനയുടെ കടമകളെ നിറവേറ്റുന്നവരും, സൽക്കർമങ്ങൾ ചെയ്യുന്നവരും, സൃഷ്ടികളെ അല്ലാഹുവിലേക്ക് നയിക്കുന്നവരും, അവരെ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുന്നവരാക്കി മാറ്റുന്നതിനായി ശ്രമിക്കു ന്നവരുമാണ് അവന്റെ ദൃഷ്ടിയിൽ ആദരണീയർ. رُحَمَآءُ بَيۡنَهُمۡ എന്നതിന്റെ മാതൃകകളായി പരസ്പരം വിശ്വാസികളായി കഴിയുന്നവരായിരിക്കും അവർ.

ഇത് ഭാരവാഹികളുടെ മാത്രം ഉത്തരവാദിത്വമല്ലെന്ന് ഓരോ അഹ്മദിയ്യും ഓർത്തിരിക്കേണ്ടതാണ്. മറിച്ച് ഓരോ അഹ്മദി പുരുഷന്മാരുടെയും, സ്ത്രീകളുടെയും, യുവാക്കളുടേയും വൃദ്ധരുടേയും ഉത്തരവാദിത്വമാകുന്നു. അവർ ഭാരവാഹികളുടെ പിഴവുകളെ കണ്ടെത്തുന്നതിൽ മാത്രം മുഴുകരുത്. മറിച്ച് ആത്മ പരിശോധന നടത്തിക്കൊണ്ട് സ്വയം ഏകനായ അല്ലാഹുവിനോട് ബന്ധം സ്ഥാപിച്ച് കൊണ്ട് കാരുണ്യവാന്റെ ദാസരാകുക. ഈ പള്ളിയുടെ കടമകൾ പൂർത്തിയാക്കുന്നതിനായി തയ്യാറാകുക. ഇത് اِنۡ شَآءَ اللّٰهُ ഉടൻ തന്നെ നിങ്ങൾക്ക് ലഭിക്കുന്നതാണ്. തങ്ങളുടെ ത്യാഗങ്ങളെ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യയോഗ്യമാക്കാനായി ശ്രമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ അവന്റെ കല്പനകളെ പ്രാവർത്തിക മാക്കുവാൻ സാധിക്കുകയുള്ളൂ. സ്വപ്രയത്നത്താൽ മാത്രം സാധ്യമല്ല. അതിനായി ദുആയും അനിവാര്യമാണ്. അല്ലാഹുവിന്റെ അനുഗ്രഹം തേടേണ്ടതുണ്ട്. എളിമയുടെ ആവശ്യമുണ്ട്.

ഞാൻ നേരത്തെ പറഞ്ഞതു പോലെ പള്ളിയുടെ ചില വിശദീകരണങ്ങൾ നൽകുന്നതാണ്. എനിക്ക് ലഭിച്ച വിശദവിവരണം സമർപ്പിക്കുകയാണ്. 1921 ലാണ് മിഷൻ ഹൗസ് വാങ്ങിയത്. അതിന്റെ വിശദീകരണം ആവശ്യമില്ല. ഒരു ചെറിയ വീടായിരുന്നു. ഏതായിരുന്നാലും മസ്ജിദ് ബൈത്തുൽ അഹദിന്റെ വിസ്തീർണം 3000 സ്ക്വയർ മീറ്ററാകുന്നു. 60% ഭാഗം മേൽക്കൂരയുള്ളതാകുന്നു. നമസ്കാര ഹാളിൽ ഒരേ സമയം 500 പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ട്. താമസത്തിനുള്ള ക്വാട്ടേർസ് ഉണ്ട്. ഏകദേശം 8 ലക്ഷം ഡോളറിലാണ് ഇത് നിർമ്മിക്കപ്പെട്ടത്.

ഏതായാലും പുതിയ കേന്ദ്രം വാങ്ങുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചപ്പോൾ ജപ്പാൻ ജമാഅത്ത് സാമ്പത്തിക ത്യാഗങ്ങൾ സമർപ്പിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സ്ഥലം വാങ്ങി. ചെറിയ ജമാഅത്താണെങ്കിലും ധാരാളം സാമ്പത്തിക ത്യാഗം വഹിച്ചിട്ടുണ്ട്. ധാരാളം പേർ വലിയ വലിയ തുക നൽകുകയുണ്ടായി. കുട്ടികൾ തങ്ങളുടെ പോക്കറ്റ്മണി നൽകി. സ്ത്രീകൾ അവരുടെ ആഭരണങ്ങൾ നൽകി. ചിലർ തങ്ങളുടെ പാക്കിസ്ഥാനിലുള്ള വീടുകൾ വിറ്റ് തുക നൽകുകയുണ്ടായി. അല്ലെങ്കിൽ സ്വത്ത് വിറ്റ് തുക നൽകുകയുണ്ടായി. ചിലർ തങ്ങളുടെ പൂർവികരിൽ നിന്നു ലഭിച്ച അമൂല്യവും പ്രിയപ്പെട്ടതുമായ ആഭരണങ്ങൾ വിറ്റ് തുക നൽകുകയുണ്ടായി. ചുരുക്കത്തിൽ സാമ്പത്തിക ത്യാഗത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരസ്പരം മുന്നേറുന്നതിനുള്ള പരിശ്രമം ഉണ്ടായി. *അല്ലാഹു എല്ലാ സാമ്പത്തിക ത്യാഗങ്ങളും സ്വീകരിക്കട്ടെ. നിങ്ങളുടെ സമ്പത്തിലും ജീവനിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ.*

ഞാൻ പറഞ്ഞതു പോലെ പള്ളിയുടെ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണുള്ളത്. നേരത്തെ റജിസ്ട്രേഷൻ പൂർത്തിയായി രുന്നുവെങ്കിൽ ജുമുഅ അവിടെ നിർവ്വഹിക്കപ്പെടുമായിരുന്നു. എന്നാൽ اِنۡ شَآءَ اللّٰهُ ഉടൻ തന്നെ അത് ലഭിക്കുന്നതാണ്. ജപ്പാനീ വക്കീലിനെ കുറിച്ച് ഞാൻ പറഞ്ഞു. ഫീസ് വാങ്ങിയിരുന്നെങ്കിൽ 20,000 ഡോളർ ഫീസ് നൽകേണ്ടി വരുമായിരുന്നു. അത് അദ്ദേഹത്തിന്റെ വലിയൊരു ഔദാര്യമാണ്. *അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ.*

പള്ളിക്കായുള്ള ഈ ശ്രമം നിങ്ങൾ ഏതാനും മാസങ്ങളിലാണ് ചെയ്തത്. അതിന്റെ വിവരണത്തിൽ നിന്ന് മനസ്സിലാകുന്നത് ഈ സ്ഥലം ലഭിച്ചതിനു പിന്നിൽ നിങ്ങളുടെ ത്യാഗങ്ങളും ഉണ്ടെന്നുള്ളതാണ്. അത് ശരിതന്നെ. യാഥാർത്ഥ്യം ഇതാണ്. ഒന്നും ചിന്തിക്കാതെ അല്ലാഹുവിന്റെ സഹായം ലഭിക്കുകയുണ്ടായി. പെട്ടെന്നായിരുന്നു എല്ലാ സംവിധാനങ്ങളും തയ്യാറായത്. ഇതും അല്ലാഹുവിന്റെ അനുഗ്രഹമാണ്. നിങ്ങളുടെ പരിശ്രമത്തേക്കാളുപരി ഇത് ലഭ്യമായതിൽ അല്ലാഹുവിന്റെ അനുഗ്രഹമാണുള്ളത്. വളരെ ഉത്തമമായ സ്ഥലമാണ് നിങ്ങൾക്ക് ലഭിച്ചത്. ഏതാനും മാസങ്ങൾക്ക് മുമ്പ് നിങ്ങളിൽ ചിലർക്ക് ഈ സ്ഥലം ലഭിക്കുമെന്ന് സങ്കൽപ്പിക്കാൻ പോലും സാധിച്ചിട്ടുണ്ടാവില്ല. അതിനാൽ ഇത് നമ്മെ അല്ലാഹുവിന്റെ സവിധത്തിൽ കുമ്പിടുന്നവരാക്കി ത്തീർക്കേണ്ടതാണ്.

എന്നാൽ അവരൊടൊപ്പം ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഇന്ന് ലോകത്ത് എല്ലായിടത്തും അഹ്മദിയ്യാ ജമാഅത്തിന് മേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ അഹ്മദിയ്യത്തിന്റെ ശത്രുക്കളുടെ ശക്തമായ വാദങ്ങൾക്കുള്ള അല്ലാഹുവിന്റെ മറുപടി കൂടിയാണെന്നാണ്. ജമാഅത്തിനു വേണ്ടിയുള്ള അല്ലാഹുവിന്റെ

അനുഗ്രഹങ്ങളുടെയും സഹായങ്ങളുടേയും പ്രവർത്തന സാക്ഷ്യമാകുന്നു. രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിൽ ശത്രുക്കൾ പ്രഖ്യാപിച്ചത് ഞങ്ങൾ ഖാദിയാനെ നശിപ്പിക്കുകയും نَعُوْذُ بِاللهِ അഹ്മദിയ്യത്തിനെ നാമാവശേഷമാക്കുകയും ചെയ്യും എന്നായിരുന്നു. അന്നേരം ഹദ്റത് മുസ്‌ലിഹ് മൗഊദ് ؓ തഹ്‌രീക് ജദീദിന് അടിത്തറയിട്ടുകൊണ്ട് പറഞ്ഞു, ഇതിന്റെ മറുപടി തബ്‌ലീഗും ലോകത്ത് വിശാലമാകുകയും ചെയ്യുക എന്നതാണ്. അങ്ങിനെ ജമാഅത്തംഗങ്ങൾ അന്നേരം സമ്പത്തികത്യാഗങ്ങളും ചെയ്തു. അതുവഴി ലോകത്ത് അഹ്ദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം പ്രചരിക്കാൻ തുടങ്ങുകയും ചെയ്തു. മുബല്ലിഗീംകൾ വിദേശത്തേക്ക് പോയി. പള്ളികൾ നിർമ്മിക്കപ്പെട്ടു. മനുഷ്യ സേവനത്തിന്റെ മറ്റ് പ്രവർത്തനങ്ങളും ആരംഭിച്ചു. ആശുപത്രികൾ നിർമിക്കപ്പെട്ടു. സ്കൂളുകൾ നിർമിക്കപ്പെട്ടു.

ഖാദിയാനെ നശിപ്പിക്കാനായി വന്നവരുടെ നാമമോ അടയാളമോ ശേഷിക്കുന്നുണ്ടോ എന്നറിയില്ല. എന്നാൽ അഹ്മദിയ്യാ ജമാഅത്ത് ഇന്ന് ലോകത്തിന്റെ 200 രാഷ്ട്രങ്ങളിൽ എത്തിക്കഴിഞ്ഞു. എല്ലാവർഷവും പള്ളികൾ നിർമിക്കപ്പെടുന്നു. ലക്ഷക്കണക്കിനു ആളുകൾ അഹ്മദിയ്യത്തിലൂടെ ഇസ്‌ലാമിലേക്ക് കടന്നുവരുന്നു. ഈ വർഷം അല്ലാഹു പള്ളിയുടെ രൂപത്തിൽ അഹ്മദിയ്യാ ജമാഅത്ത് ജപ്പാന് അനുഗ്രഹം നൽകുകയുണ്ടായി. പ്രത്യക്ഷത്തിൽ അത് ലഭിക്കാനുള്ള സാധ്യതയില്ലായിരുന്നു. ഞാനതിനെ കുറിച്ച് പറഞ്ഞിരുന്നു.

അതിനാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിൽ നമ്മുടെ കഴുത്ത് അല്ലാഹുവിന്റെ മുന്നിൽ എപ്പോഴും താഴ്ന്നിരിക്കേണ്ടതാണ്. ഇതിന്റെ യഥാർഥ കടമ നിറവേറ്റപ്പെടുന്നത് ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ പരിശുദ്ധ മാറ്റം തങ്ങളിൽ സംജാതമാക്കപ്പെടുമ്പോഴാണ്. *അല്ലാഹു അതിനുള്ള തൗഫീഖ് നമുക്ക് നൽകുമാറാകട്ടെ.*

തഹ്‌രീക് ജദീദുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചുള്ള വെളിപ്പെടുത്തലുകളും വേണ്ടതാണ്. ഇതിന്റെ പരാമർശത്തെ കുറിച്ച് ഓർമവരാനുള്ള കാരണം തഹ്‌രീക് ജദീദിന്റെ നവ വർഷം എന്റെ ഈ സന്ദർശനവേളയിലാണ് യാദൃശ്ചികമായി ആരംഭിക്കുന്നത് എന്നതുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ആസ്ത്രേലിയയിലും വിദൂര പൗരസ്ത്യ നാടുകളിലേക്കുമുള്ള എന്റെ സന്ദർശനവേളയിൽ തഹ്‌രീക് ജദീദിന്റെ കഴിഞ്ഞ വർഷം അവസാനിക്കുകയും അതിൽ അല്ലാഹുവിന്റെ അനേകം അനുഗ്രഹങ്ങളുടെ ദൃശ്യങ്ങൾ കാണുകയും ചെയ്തു. ഈ സന്ദർശന വേളകളിലും ധാരാളം ദൃശ്യങ്ങൾ പ്രകടമായി. നിശ്ചയമായും അത് നമ്മുടെ പ്രയത്ന ഫലമായിട്ടല്ല അതിന്റെ വിശദീകരണം إِنْ شَاءَ اللهُ മറ്റൊരവസരത്തിൽ പറയുന്നതാണ്.

ഇപ്പോൾ ഞാൻ പറഞ്ഞതു പോലെ തഹ്‌രീക് ജദീദിന്റെ വർഷം അവസാനിച്ചിരിക്കുന്നു. അതിനാൽ നവ വർഷത്തിന്റെ വിളംബരവും ഈ സന്ദർശന വേളയിൽ ജപ്പാനിൽ വെച്ച് ചെയ്യാനായി ഞാൻ ആലോചിച്ചു. അതിനാൽ മുൻ രീതിയനുസരിച്ച് തഹ്‌രീക് ജദീദിന്റെ സംക്ഷിപ്ത വിവരണം സമർപ്പിച്ചുകൊണ്ട് തഹ്‌രീക് ജദീദിന്റെ പുതുവർഷത്തിന്റെ അതായത് 80 ാം വർഷത്തിന്റെ വിളംബരം ചെയ്യുകയാണ്.

തഹ്‌രീക് ജദീദിൽ നിന്നും ലഭിച്ച റിപ്പോർട്ട് അനുസരിച്ച് നടപ്പുവർഷം ജമാഅത്തിന് 78,69,100 പൗണ്ടിന്റെ ത്യാഗം ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. അത് കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 6.5 ലക്ഷം പൗണ്ട് അധികമാണ്. പ്രാദേശിക കറൻസിയുടെ മൂല്യം കുറഞ്ഞിരിക്കുന്നതുകൊണ്ടാണ് ഈ വർദ്ധനവ് കുറവായി കാണപ്പെടുന്നത്. എന്നാൽ രാഷ്ട്രങ്ങളുടെ അടിസ്ഥാനത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

പാക്കിസ്ഥാനിന്റെ സ്ഥാനം അത് നിലനിൽക്കുന്നുണ്ട്. അതിനു ശേഷം സ്ഥാന ലബ്ധിയനുസരിച്ച് ഒന്നാം സ്ഥാനം ജർമ്മനിക്കാണ്. യഥാർത്ഥത്തിൽ രണ്ടാം സ്ഥാനത്താണ്. പക്ഷേ പാക്കിസ്ഥാന് പുറമെയുള്ള രാജ്യങ്ങളിൽ ഒന്നാം സ്ഥാനം ജർമ്മനിക്കാണ്. പിന്നീട് അമേരിക്ക, ബ്രിട്ടൺ, കാനഡ, ഇന്ത്യ, ഇന്തോനേഷ്യ, ആസ്ത്രേലിയ, പിന്നീട് അറേബ്യയിലെ രണ്ട് ജമാഅത്തുകൾ, പിന്നീട് ഘാന, സ്വിറ്റ്സർലാന്റ് എന്നിവയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമ്മനി സ്വന്തം നിലയിൽ വലിയ കുതിച്ചുചാട്ടമാണ് നടത്തിയിട്ടുള്ളത്. തഹ്‌രീക് ജദീദിൽ 3.5 ലക്ഷം യൂറോയിലധികമാണ് വർദ്ധനവ് ഉണ്ടാക്കിയിട്ടുള്ളത്. അമേരിക്കയേക്കാളും 1,82,000 പൗണ്ട് കൂടുതലായി വസൂലാക്കി. അമേരിക്ക ബ്രിട്ടനേക്കാൾ 72,000 പൗണ്ട് കൂടുതൽ വസൂലാക്കി. ബ്രിട്ടൻ കാനഡയേക്കാളും 4 ലക്ഷം പൗണ്ട് കൂടുതൽ വസൂലാക്കി.

ജർമ്മനിയുടെ ചന്ദയിൽ വർദ്ധനവുണ്ടാകുമ്പോഴെല്ലാം തന്നെ ജർമ്മൻ അമീർ സാഹിബിന്റെയും പ്രവർത്തക സമിതിയുടെയും ചിന്തയെ പ്രകടിപ്പിച്ചു കൊണ്ടുള്ള വാക്കുകൾ മുന്നിൽ വരാറുണ്ട്. അതായത് മദ്യം വിൽക്കുന്നതോ, പന്നി മാംസം വിൽക്കുന്നതോ ആയ നിഷിദ്ധ കാര്യങ്ങൾ നടക്കുന്ന റസ്റ്റോറന്റിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ചന്ദ വാങ്ങരുതെന്ന നിബന്ധന ഞാൻ വെച്ചിരുന്നു. അപ്പോൾ തങ്ങളുടെ ചന്ദയിൽ കുറവ് ഉണ്ടാകുമെന്ന ചിന്ത അവരിൽ ജനിച്ചു. ആദ്യ വർഷം അവർ ഈ ചിന്തയെ പ്രകടിപ്പിച്ചപ്പോൾ അവരുടെ ചന്ദയിൽ ലക്ഷക്കണക്കിന് വർദ്ധനവുണ്ടായി. യാതൊരു കുറവും ഉണ്ടായില്ല. ഇത്തവണ വീണ്ടും അവർ തഹ്‌രീക് ജദീദിൽ മാത്രം 3.5 ലക്ഷം യൂറോ അധിക ചന്ദയാണ് നൽകിയത്. *അല്ലാഹു അവരുടെ സമ്പത്തിലും ജീവനിലും അനുഗ്രഹം വർഷിക്കട്ടെ.*

ആളോഹരി ചന്ദയുടെ അടിസ്ഥാനത്തിൽ അമേരിക്ക ഒന്നാം സ്ഥാനത്താണ്. അതിനു പിന്നിൽ സ്വിറ്റ്സർലാന്റ്, ആസ്ത്രേലിയ, അതിനു പിന്നിൽ ജപ്പാനാണ്. ആളോഹരി ചന്ദയിൽ ജപ്പാന് നാലാം സ്ഥാനമുണ്ട്. എവിടെയെങ്കിലും പേര് വന്നല്ലോ. പിന്നീട് ബ്രിട്ടൻ, ശേഷം ജർമ്മനി, നോർവേ, ഫ്രാൻസ്, ബെൽജിയം, കാനഡ.

പ്രാദേശിക കറൻസിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ഏറ്റവും കൂടുതൽ ഘാനയിലാണ്. പിന്നീട് ജർമ്മനി, ആസ്ത്രേലിയ, പാക്കിസ്ഥാൻ, ബ്രിട്ടൻ, കാനഡ, ഇന്ത്യാ, അമേരിക്ക എന്നിവരാണ്.

ഈ വർഷം ചന്ദ നൽകുന്നവരിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഞാൻ പറഞ്ഞിരുന്നു. പങ്കാളികളെ വർദ്ധിപ്പിക്കുവാനായി ഞാൻ പറഞ്ഞിരുന്നു. 27 ലക്ഷം പുതിയ ചന്ദ നൽകുന്നവർ പങ്കാളികളായിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 11,34,000 ലധികമായി അംഗസംഖ്യ.

ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ഘാന ഏറ്റവും മുന്നിലാണ്. അതിനു പിന്നീൽ നൈജീരിയ, ബെനിൻ, കെനിയ, സെറാല്യൂൺ, ഉഗാണ്ട എന്നിവരാണ്. പങ്കാളികളാക്കുന്നതിനായി ഏറ്റവും കൂടുതൽ പരിശ്രമം നടത്തിയത് സെറാല്യൂണാണ്. അതിനു ശേഷം മാലി, ബുർക്കിനാ ഫാസോ, ഗാംബിയാ, ബെനിൻ, സെനിഗാൾ, ലൈബീരിയ, യുഗാണ്ട, തൻസാനിയ എന്നിവരാണ്.

ദഫ്തർ അവ്വലിലെ മുജാഹിദീംകളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1261 പേർ ജീവനോടെയുണ്ട്. മറ്റുള്ളവരുടെ ചന്ദ തുടർന്ന് വരുന്നുണ്ട്.

തഹ്‌രീക് ജദീദിന്റെ സാമ്പത്തിക ത്യാഗത്തിൽ പാക്കിസ്ഥാനിലെ മൂന്ന് വലിയ ജമാഅത്തുകളിൽ ഒന്നാം സ്ഥാനം ലാഹോറിനാണ്.

രണ്ടാമത് റബ്വ, മൂന്നാമത് കറാച്ചി. അതു കൂടാതെ 10 വലിയ ജമാഅത്തുകളിൽ ഇസ്‌ലാമാബാദ്, റാവൽപിണ്ഡി, മുൾതാൻ, കോയിട്ട, ശേഖോപുര, പിശാവർ, ഹൈദ്രാബാദ്, ബഹാവൽ നഗർ, ഉക്കാഡ, നവാബ് ശാഹ് എന്നിവയാണ്.

ത്യാഗങ്ങൾ സമർപ്പിക്കുന്ന ജില്ലകളിൽ സിയാൽ കോട്ട്, സർഗോദ, ഉമർ കോട്ട്, ഗുജറൻവാല, ഗുജറാത്ത്, ബുധിൻ, നാരോവാൾ, സാങ്കട്, മിൻകാന സാഹിബ്, റഹീംഗേർ ഖാൻ, വഡേസിങ്ങ് ബാബർ.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ ജമാഅത്തുകളിൽ ഒന്നാം സ്ഥാനം നേയേസിനാണ്. ഹേഡർമാർക്ക്, കൊളോൺ, ഹൈഡർബർഗ്, കോഗ്ലൻസ്, ഡറായിശ്, മഹ്ദീ ആബാദ്, റോയൽ ഗാർഡൻ, ന്യൂസൻ ബർഗ്, മേഹ്ദ.

വസൂലിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക ജമാഅത്തുകളിൽ ഹംബർഗ്, ഫ്രാങ്ക് ഫർട്ട്, ഗ്രോസ്ഗിരാവ്, വിസ്ബാദൻ, മോർഫിൽഡൽ, വോൾഡ്രോഫ്, വാസൻവാഖ്, മാൻഹാൻ, റെഡ്ക്ഷടായിക്, ജിറ്റ്സൻ ബർഗ്.

വസൂലിയുടെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ജമാഅത്തുകളിൽ ലോസ് ഏഞ്ചലസ്, ഇൻലാന്റ് എംപയർ, സിലിക്കോൺ വാലി, ഡെട്രോയിറ്റ്, ഹാരിസ് ഡർഗ്, ലോസ് ഏഞ്ചലസ് ഈസ്റ്റ്, കൊളംബസ്, സേറ്റൽ, ലോസ് ഏഞ്ചലസ് വെസ്റ്റ്, സിർവർ സ്പ്രിങ്ങ്, ഫോണിക്സ്.

ബ്രിട്ടനിലെ 10 വലിയ ജമാഅത്തുകളിൽ മസ്ജിദ് ഫള്ൽ, വെസ്റ്റ് ഹിൽ, ന്യൂമാൾഡൻ, വോഴ്നെസ്റ്റർ പാർക്ക്, റെയ്നസ് പാർക്ക്, ബർമിങ്ങ്ഹാം സെന്റർ, മസ്ജിദ് വെസ്റ്റ്, ബയ്ത്തുൽ ഫുതൂഹ്, ത്രോട്ടൻ ഹെൽത്, ചാം.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ 5 റീജനുകളിൽ ലണ്ടൻ, നോർത്ത് ഈസ്റ്റ്, മിഡ്ലാന്റ്, സൗത്ത്, മിഡിൽ സെക്സ്.

കാനഡയിലെ ജമാഅത്തുകളിൽ പീസ് വില്ലേജ്, കാൽഗറി, വോഗൺ, വാൻകോവര, എഡ്മോൺട്ടൺ, ദുറാം, ഒട്ടാവാ, സിസ്കാട്ടൂൺ, ലോയ്ഡ് മിൻസ്റ്റർ.

ഇന്ത്യയിലെ 10 ജമാഅത്തുകൾ. കരുളായി കേരള, കോഴിക്കോട് കേരള, ഹൈദ്രാബാദ് ആന്ധ്രപ്രദേശ്, കണ്ണൂർ ടൗൺ കേരള, പഴയങ്ങാടി കേരള, ഖാദിയാൻ പഞ്ചാബ്, കൊൽക്കത്ത ബംഗാൾ, യാദ്ഗീർ കർണ്ണാടക, ചെന്നൈ തമിഴ്നാട്, മാത്തോട്ടം കേരള എന്നിവയാണ്. കേരളത്തിലെ ജമാഅത്തുകൾ مَاشَآءَاللّٰهُ വളരെ ഊർജ്ജസ്വലമാണ്. ഭാരതത്തിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളം, ആന്ധ്രപ്രദേശ്, ജമ്മുകശ്മീർ, കർണ്ണാടക, ബംഗാൾ, ഓഡീഷ, പഞ്ചാബ്, യു.പി, മഹാരാഷ്ട്രാ, ഡൽഹി എന്നിവയാണ്.

ഈ വർഷവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും സാമ്പത്തിക ത്യാഗത്തിന്റെ അസാധാരണമായ സംഭവങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ വിശദീകരണത്തിനുള്ള സമയമില്ല. إِنْ شَآءَاللّٰهُ എപ്പോഴെങ്കിലും കേൾപ്പിക്കുന്നതാണ്.

ഈ വർഷം കബാബീർ ജമാഅത്ത് ജപ്പാനിൽ നിന്ന് വിളംബരം ഉണ്ടാകുമെന്ന് അറിഞ്ഞപ്പോൾ കഴിഞ്ഞ വർഷത്തേക്കാൾ അധികമായി ത്യാഗങ്ങൾ സമർപിക്കുകയുണ്ടായി. ഇത് അറേബ്യൻ രാഷ്ട്രങ്ങളിലെ ഏറ്റവും വലിയ ജമാഅത്താണ്. അവർ തങ്ങളുടെ അവസ്ഥയ്ക്കനുസരിച്ച് ഇരട്ടി ത്യാഗമാണ് സമർപിച്ചത്. ഏകദേശം 20,000 പൗണ്ടിന്റെ ത്യാഗം. *ഏതായാലും അല്ലാഹു ത്യാഗങ്ങൾ സമർപ്പിച്ച, ഏതു വിധത്തിലായാലും ശരി അവർക്കെല്ലാവർക്കും, തഹ്‌രീക്ക് ജദീദിൽ പങ്കാളികളായവർക്കും അവരുടെ സമ്പത്തിലും ജീവനിലും അനുഗ്രഹങ്ങൾ വർഷിക്കട്ടെ. അവരുടെ വിശ്വാസവും ദൃഢജ്ഞാനം വർദ്ധിപ്പിച്ച് കൊണ്ടിരിക്കട്ടെ. ഈ ത്യാഗങ്ങൾ അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കട്ടെ. അല്ലാഹു അതിനെ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യട്ടെ.*

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

# PRINTED BOOKS

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 November 08 at : Nagoya, Japan.
T.M.Abdul Mujeeb, Thammanam - 09946794987

Typing: A.T. Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**